പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5280

31.10.2016-ൽ മറുപടിയ്ക്ക്.

## ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഭാരവാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. എൻ. ജയരാജ് | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് രാവിലെ 6.00 മുതൽ 10.00 മണിവരെയുള്ള സമയങ്ങളിൽ കല്ല്, മണൽ മുതലായ സാധനങ്ങൾ കയറ്റിയ ഭാരവാഹനങ്ങൾ സ്കൂൾ വാഹനങ്ങൾക്കും സ്വകാര്യ ചെറുവാഹനങ്ങൾക്കും തടസ്സം സൃഷ്ടിച്ച് നിരത്തുകളിൽ ഓടുന്നതുമൂലം കൃത്യസമയത്ത് സ്കൂളുകളിലും മറ്റ് ഓഫീസുകളിലും എത്തേണ്ടവർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് നഗരങ്ങളിലെ തിരക്കേറിയ പ്രധാനപ്പെട്ട റോഡുകളിലും മറ്റും ഭാരം കയറ്റിയ വലിയ ചരക്ക് വാഹനങ്ങൾ, ടിപ്പറുകൾ, എന്നിവയ്ക്ക് ഓഫീസ് സമയങ്ങളിൽ പ്രവേശന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഇത്തരം ബുദ്ധിമുട്ട് ഇപ്പോൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;<br>(സി) ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ഭാരവാഹനങ്ങൾ ഉൾപ്പെടെയുള്ള മറ്റ് വാഹനങ്ങൾക്കെതിരെ വാഹനപരിശോധനയുൾപ്പെടെ യുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് നിയമനടപടി കൈക്കൊള്ളുമോ ? | (ബി) & (സി) നഗരങ്ങൾ, തിരക്കേറിയ സ്ഥലങ്ങൾ എന്നിവിടങ്ങളിലെ സ്കൂളുകളിലേയ്ക്കും ഓഫീസുകളിലേയ്ക്കും തിരിച്ചുമുള്ള യാത്ര സുഗമമാക്കുന്നതിലേയ്ക്കായി ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ ട്രാഫിക് ഡ്യൂട്ടിയ്ക്കായി നിയോഗിച്ച് ഗതാഗത കുരുക്കുകളും മറ്റും നിയന്ത്രിച്ചു വരുന്നു. കൂടാതെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ ഈ മേഖലകളിലേയ്ക്ക് വരുന്നത് |

തടയുകയും, വാഹന പരിശോധന ഊർജിതമാക്കിയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**